# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 877 — 07.02.2013 ൽ മറുപടിയ്ക്ക്

## വരൾച്ച നേരിടുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ.അസീസ് | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്തെ രൂക്ഷമായ വരൾച്ച നേരിടുന്നതിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്തൊക്കെ അടിയന്തിര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(എ) സംസ്ഥാനത്ത് രൂക്ഷമായ വരൾച്ച നേരിടുന്നതിനായി 14 ജില്ലകളിലായി കുഴൽ കിണർ / ട്യൂബ് വെൽ ഉപയോഗിച്ചുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ നിലവിലുള്ള കുഴൽ കിണറുകളിൽ പ്രവർത്തനക്ഷമമല്ലാത്ത ഹാൻഡ് പമ്പുകൾ റിപ്പയർ ചെയ്യുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(ബി) കാർഷിക ആവശ്യത്തിന് കുഴൽകിണർ കുഴിക്കുന്നതിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ അപേക്ഷ നൽകിയിട്ടും ഇതുവരെ കുഴൽകിണർ കുഴിച്ച് നൽകപ്പെടാത്ത തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ഗുണഭോക്താക്കളുടെ പേരുവിവരമടങ്ങുന്ന ലിസ്റ്റ് അപേക്ഷാ തീയതിയടക്കം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) കാർഷിക വിളകൾ വരൾച്ച കാരണം നശിക്കുന്നത് കണക്കിലെടുത്ത് ചെറുകിട നാമമാത്ര കർഷകർ കുഴൽകിണറിനായി നൽകിയ അപേക്ഷകളുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് അവ കുഴിച്ച് നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

(സി) വരൾച്ചാകാലത്ത് പൊതു കുഴൽ കിണറുകളുടെ നിർമ്മാണത്തിനാണ് പ്രാധാന്യം നൽകുന്നത്. എന്നിരുന്നാലും ഡിപ്പാർട്ടുമെന്റിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ച് മുൻഗണനാടിസ്ഥാനത്തിൽ വ്യക്തിഗത അപേക്ഷകൾ (കുടിവെള്ളം/കാർഷികം) പരിഗണിക്കുവാനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ